# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2336 — 17.08.2017-ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ

<table>
<tr><td colspan="2">ചോദ്യം:</td><td colspan="2">മറുപടി:</td></tr>
<tr><td colspan="2">ശ്രീ.മുല്ലക്കര രത്നാകരൻ</td><td colspan="2">ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് ഫണ്ടുപയോഗിച്ച് നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?</td><td>(എ)</td><td>പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് ഫണ്ടുപയോഗിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><u>കേന്ദ്ര പദ്ധതികൾ</u><br>1. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്(100% CSS).<br>2. 9,10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ്(100% CSS).<br>3. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്.<br>4. വൃത്തിഹീന സാഹചര്യങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്.<br><u>കേന്ദ്ര-സംസ്ഥാന പദ്ധതികൾ</u><br>ബുക്ക് ബാങ്ക് സ്കീം<br><u>സംസ്ഥാന പദ്ധതികൾ</u><br>1. പ്രീമെട്രിക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്.<br>2. റ്റ്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്/ ഇ-ഗ്രാന്റ്സ്.<br>3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.<br>4. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.<br>5. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.<br>6. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.<br>7. സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം.<br>8. ലാപ്ടോപ് വാങ്ങൽ ധനസഹായം.<br>9. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം(മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്).<br>10. മോഡൽ റസിഡൻഷ്യൽ സ്കൂൾ.<br>11. പ്രീമെട്രിക് ഹോസ്റ്റൽ.<br>12. ഐ.റ്റി.ഐകൾ.<br>13. പി.ഇ.റ്റി.സി<br>14. ക്രെസ്റ്റ്.</td></tr>
</table>

| | | | |
|---|---|---|---|
| | | | 15. നഴ്സറികൾ.<br>16. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി.<br>17. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം.<br>18. മെഡിക്കൽ കോളേജ് പാലക്കാട്.<br>19. ബിരുദ/ബിരുദാനന്തര കലാകോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന/പരിശീലന ഉപകരണങ്ങൾ/ഉപാധികൾ വാങ്ങുന്നതിന് ധനസഹായം.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>പട്ടികവർഗ്ഗ വിഭാഗത്തിലുള്ള പോസ്റ്റ്മെട്രിക് വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ്മണി, ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ഫീസ് തുടങ്ങിയ ആനുകൂല്യങ്ങളും പ്രീമെട്രിക് വിഭാഗത്തിൽ 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പും(സ്റ്റൈപ്പന്റ്, ബുക്ക് അലവൻസ്, ലംപ്സംഗ്രാന്റ് എന്നിവ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് നൽകി വരുന്നു.<br>സംസ്ഥാന ബഡ്ജറ്റിന്റെ പ്ലാൻ ശീർഷകത്തിൽ തുക വകയിരുത്തി വിനിയോഗിക്കുകയും പ്രസ്തുത പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന വകുപ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതനുസരിച്ച് ഓരോ സാമ്പത്തിക വർഷവും ചെലവഴിക്കപ്പെടുന്ന ആകെ തുകയുടെ 75% കേന്ദ്രവിഹിതമായി അനുവദിച്ചു കിട്ടുകയും ചെയ്യുന്നു.<br>2017-18 സാമ്പത്തിക വർഷം പ്ലാൻ ശീർഷകത്തിൽ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിനായി 30 കോടി രൂപയും പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണത്തിനായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനത്തിൽ കേന്ദ്രവിഹിതമായി ഇതുവരെ 3.8 കോടി രൂപ ലഭ്യമായിട്ടുണ്ട്. പ്രീമെട്രിക് സ്കോളർഷിപ്പിനത്തിൽ ഈ സാമ്പത്തികവർഷം കേന്ദ്ര വിഹിതമായി തുക ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ